## പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1532 — 13.07.2016 ൽ മറുപടിയ്ക്ക്

### മാവേലിസ്റ്റോറുകളുടെയും സപ്ലൈകോ സ്റ്റോറുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ. യു.ആർ. പ്രദീപ്<br>ശ്രീ. കെ. ആൻസലൻ<br>ശ്രീ. ഒ.ആർ. കേളു | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മാവേലി സ്റ്റോറുകളുടെയും സപ്ലൈകോ സ്റ്റോറുകളുടെയും നാമ മാത്രമായ പ്രവർത്തനങ്ങൾ വിലവർദ്ധനവിന് കാരണമായിട്ടുള്ളതായി പരിശോധനയിൽ വ്യക്തമായിട്ടുണ്ടോ; | (എ) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പൊതുവിപണിയിൽ വിലവർദ്ധനവ് ഉണ്ടാകുന്ന ഘടകങ്ങളെ നിയന്ത്രിക്കുവാനും സ്വാധീനിക്കുവാനുമുള്ള സംവിധാനം വളരെ പരിമിതമാണ്. അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ സാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ കേരളത്തിൽ നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ഉൽപാദക സംസ്ഥാനങ്ങളിൽ ഉൽപ്പാദനം കുറഞ്ഞതു മൂലം മുളകിനും, പയറു വർഗ്ഗങ്ങൾക്കും പ്രത്യേകിച്ച് ഉഴുന്ന്, ഉവര, കടല എന്നിവയുടെ വിലയിൽ അടുത്തകാലത്തായി വർദ്ധനവ് ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സപ്ലൈകോ വിപണിയിൽ ഫലപ്രദമായി ഇടപെടുന്നതുമൂലം അവശ്യസാധനങ്ങളുടെ വിലവർദ്ധന പിടിച്ചുനിർത്താൻ സാധിക്കുന്നുണ്ട്. |
| (ബി) പ്രസ്തുത സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിനും വ്യാപിപ്പിക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;<br><br>(സി) ജനസാന്ദ്രതയും പ്രാദേശികമായ ആവശ്യകതയും കണക്കിലെടുത്ത് പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സ്റ്റോറുകളും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) യും (സി) യും സപ്ലൈകോയുടെ മാർക്കറ്റിടപെടൽ പദ്ധതി കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായും കൂടുതൽ ജനങ്ങളിലേയ്ക്ക് സബ്സിഡിയുടെ പ്രയോജനം ലഭ്യമാക്കുന്നതിനും സപ്ലൈകോയുടെ പ്രവർത്തനം കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതനുസരിച്ച് നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത 38 പഞ്ചായത്തുകളിൽ മുൻഗണന നൽകി നിലവിലുള്ള മാനദണ്ഡങ്ങൾക്ക് വിധേയമായി സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. കൂടുതൽ നിത്യോപയോഗ സാധനങ്ങൾ ശേഖരിക്കുന്നതിനായി കുറഞ്ഞത് 500 ച. അടിയെങ്കിലും വിസ്തീർണ്ണമുള്ള സൗകര്യപ്രദമായ കെട്ടിടങ്ങളിലാണ് പുതിയ മാവേലി സ്റ്റോറുകൾ അനുവദിക്കുന്നത്. സ്ഥലക്കുറവുള്ള മാവേലി സ്റ്റോറുകളിലും സൂപ്പർ മാർക്കറ്റുകളിലും കൂടുതൽ സ്ഥല സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>കൂടാതെ പൊതുവിപണന ശൃംഖല വിപുലീകരിക്കുന്നതിന്റെ ഭാഗമായി പ്രതിമാസം 10 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള മാവേലി സ്റ്റോറുകൾ |

ഉപഭോക്താവിന് കൂടുതൽ സൗകര്യപ്രദമായി സാധനങ്ങൾ വാങ്ങുന്നതിന് സൗകര്യമുള്ള സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ